LIBRARY ARCHIVES Kerala Legislative Assembly

ദുരിതാശ്വാസ കേന്ദ്രങ്ങൾ പണിയാൻ നടപടി

100 (291) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സുനാമി വില്ലേജുകളായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ദുരിതാശ്വാസ കേന്ദ്രങ്ങൾ പണിയുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ജി.എച്ച്.എസ്.എസ്. ചന്ദ്രഗിരി, ജി.എച്ച്.എസ്. ഉദുമ, ജി.എഫ്.എച്ച്.എസ്. ബേക്കൽ, ജി.എൽ.പി.എസ്. ചിത്താരി കടപ്പുറം, ജി.എഫ്.യു.പി.എസ്. അജാനൂർ കടപ്പുറം എന്നീ സ്ഥാപനങ്ങളോടനുബന്ധിച്ച് ദുരിതാശ്വാസ കേന്ദ്രങ്ങൾ പണിയണമെന്നാവശ്യപ്പെട്ട് നല്കിയ ഹർജിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പരിഗണിക്കുന്നതാണ്.

(ബി) ജി.എച്ച്.എസ്.എസ്. ചന്ദ്രനിരിയിൽ ദുരിതാശ്വാസ കേന്ദ്രം പണിയുന്നതിനാവശ്യമായ റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി 30-i-2006-ൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായി കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചാലുടൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് 4 സ്ഥാപനങ്ങളിൽ ദുരിതാശ്വാസ കേന്ദ്രങ്ങൾ പണിയുന്നതിനാവശ്യമായ എസ്റ്റിമേറ്റും റിപ്പോർട്ടും തയ്യാറാക്കി സമർപ്പിക്കുവാൻ ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതായി കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളും ഗവൺമെന്റിന് ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ കൈക്കൊള്ളുന്നതാണ്.

ഉരുൾപൊട്ടലിൽ ഉണ്ടായ നാശനഷ്ടങ്ങൾ

101 (292) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മരുതോങ്കര പഞ്ചായത്തിൽ 2005 ജൂലൈ 6-ന് ഉണ്ടായ ഉരുൾപൊട്ടലിൽ മൊത്തം എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഉരുൾപൊട്ടലിൽ എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നിട്ടുണ്ട് ;

(സി) ഉരുൾപൊട്ടലിൽ ദുരന്തത്തിനിരയായ എത്രപേർക്കാണ് സംസ്ഥാന സർക്കാർ വീടും സ്ഥലവും നല്കാൻ തീരുമാനിച്ചിട്ടുള്ളത്; അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്തെ എത്ര റോഡുകളും പാലങ്ങളും തകർന്നിട്ടുണ്ട്, എത്ര രൂപയുടെ നാശനഷ്ടങ്ങൾ ഇതുവഴി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) തകർന്നുപോയ റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) നാദാപുരത്തെ മലയോര മേഖലയിൽ ഉരുൾപൊട്ടലുകൾ ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഏകദേശം 2,80,00,000 രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 15 വീടുകൾ പൂർണ്ണമായും 43 വീടുകൾ ഭാഗികമായും തകർന്നു.

(സി) ദുരന്തത്തിൽ 13 പേർക്ക് വീടും സ്ഥലവും നല്കാൻ തീരുമാനിച്ചു. പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 20 റോഡുകളും 8 പാലങ്ങളും പ്രസ്തുത ദുരന്തത്തിൽ തകർന്നിട്ടുണ്ട്. ഏകദേശം 1,70,00,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഇ) ഉരുൾപൊട്ടലിൽ തകർന്ന രണ്ട് തൂക്കുപാലങ്ങൾ അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഉരുൾപൊട്ടലിൽ തകർന്ന റോഡുകളുടെയും പാതകളുടെയും മറ്റും പുനർനിർമ്മാണത്തിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടിയെടുക്കണമെന്ന് 28-7-2005-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 4418/05/ആർ.ഡി. പ്രകാരം ഇക്കാര്യത്തിൽ വേണ്ട നടപടിയെടുക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാ മേധാവികളോട് നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. ഇക്കാര്യത്തിൽ ഭൗമപഠന കേന്ദ്രം പഠനം നടത്തിയിട്ടുണ്ട്. ഒരു പ്രാഥമിക റിപ്പോർട്ട് മാത്രമാണ് ഭൗമപഠന കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുള്ളത്. അന്തിമ റിപ്പോർട്ടിനായി കാത്തിരിക്കുകയാണ്.

കാലവർഷംമൂലം ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം

102 (293) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ജൂൺ-ജൂലൈ മാസങ്ങളിൽ സംസ്ഥാനത്ത് കാലവർഷംമൂലം ഉണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തിനായി കേന്ദ്രത്തിന് നിവേദനം നല്കിയിരുന്നോ; എങ്കിൽ എന്തു തുകയാണ് സംസ്ഥാനം കേന്ദ്രത്തിൽ നിന്ന് സഹായമായി ആവശ്യപ്പെട്ടത് ;

(ബി) നാശനഷ്ടം സംബന്ധിച്ച് പഠിക്കുന്നതിന് കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിരുന്നോ; ഏതെല്ലാം പ്രദേശത്താണ് സന്ദർശനം നടത്തിയത്;

(സി) സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് പ്രത്യേക സഹായമായി എന്ത് തുക ലഭിച്ചു;

(ഡി) കൃഷിക്കാർക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിന് എന്തു തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly